പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 3376 | 21/12/2012-ലെ മറുപടിയ്ക്ക്

രാഷ്ട്രീയ കൃഷി വികാസ് യോജന

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയുംവകുപ്പ് മന്ത്രി) |
| എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് എപ്പോഴാണ്; | (എ) 2007-08 വർഷത്തിലാണ് ആർ.കെ.വി.വൈ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത്. |
| ബി) ഇതിനായി സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി രൂപീകരിച്ചത് എന്നായിരുന്നു; | (ബി) 16-11-2007 ലെ സ.ഉ.(എം.എസ്) നം. 200/07/കൃഷി പ്രകാരമാണ് സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി രൂപീകരിച്ചത്. |
| സി) പ്രസ്തുത കമ്മിറ്റി ഇതിനകം എത്ര തവണ യോഗം ചേരുകയുണ്ടായി. എത്ര പദ്ധതികൾക്ക് അംഗീകാരം നൽകുകയുണ്ടായി. ജില്ല തിരിച്ച് വെളിപ്പെടുത്താമോ; | (സി) 10 തവണ യോഗം ചേരുകയുണ്ടായി. 874 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ പല പദ്ധതികളും വിവിധ ജില്ലകളിലായി നടപ്പിലാക്കിയിട്ടുള്ളവയാണ്. |
| ഡി.) സാങ്ഷന് നൽകിയ പദ്ധതികളിൽ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോ അല്ലാതെ വ്യക്തികൾ നടത്തുന്ന ഏതെല്ലാം സ്ഥാപനങ്ങൾ ഉണ്ടെന്നും അവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും വെളിപ്പെടുത്തുമോ | (ഡി)വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങളുടെ പദ്ധതികൾക്കൊന്നും അംഗീകാരം നൽകിയിട്ടില്ല. |
| ഇ) ഇതിനകം ഭരണാനുമതി നൽകിയ പദ്ധതികളിൽ ഡിസ്ട്രിക്ട് അഗ്രികൾച്ചർ പ്ലാനിൽ ഉൾപ്പെടാത്തവ ഏതൊക്കെയെന്നും അവ സാങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നത് ഏത് സാഹചര്യത്തിലാണെന്നും വെളിപ്പെടുത്താമോ? | (ഇ) ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ പ്ലാനിൽ ഉൾപ്പെടുത്താത്ത പദ്ധതികളൊന്നും പരിഗണനയ്ക്ക് എടുത്തിട്ടില്ല |

സെക്ഷൻ ഓഫീസർ